**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2906** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എൻ. കെ. അക്ബർ** | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** |

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പിന് കീഴിൽ എത്ര പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; ഇതുവഴി എത്ര മത്സ്യത്തൊഴിലാളികൾക്ക് നേരിട്ടും പരോക്ഷമായും ഗുണം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ച പുതിയ പദ്ധതികളും, വിവിധ ഏജൻസികൾ വഴിയും ജില്ലാ ഓഫീസുകൾ വഴിയും നടപ്പിലാക്കിയ പ്രവർത്തനങ്ങളും, അവ വഴി നേരിട്ടും പരോക്ഷമായും ഗുണം ലഭിച്ച മത്സ്യത്തൊഴിലാളികളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

**കൊല്ലം ജില്ലയിൽ ഒരു ബൃഹത് ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ മ്യൂസിയവും**

പ്രസ്തുത ഓഷ്യനേറിയം സ്ഥാപിക്കുന്നതിലൂടെ 2000ത്തിൽ പരം മത്സ്യതൊഴിലാളികൾക്ക് നേരിട്ടും പരോക്ഷമായും ഗുണം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ സ്ഥിതി ചെയ്യുന്ന കതിരവട്ടംചിറയിൽ ഒരു അക്വാപ്രോജക്ട്**

പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ 500ൽപരം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ടും പരോക്ഷമായും ഗുണം ലഭിക്കുന്നതാണ്.

തിരുവനന്തപുരം താലൂക്കിൽ കാലാവസ്ഥാ വ്യതിയാനം മൂലം വീടുകൾ നഷ്ടപ്പെട്ട് ക്യാമ്പുകളിലും വാടക വീടുകളിലും ബന്ധുവീടുകളിലും കഴിഞ്ഞ കുടുംബങ്ങൾക്ക് പുനരധിവാസം പൂർത്തിയാകുന്നതുവരെ പ്രതിമാസം മുൻകൂർ വാടകയായി 5500/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

തുക വിനിയോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **സാമ്പത്തിക വർഷം** | **ഗുണഭോക്താക്കളുടെ എണ്ണം** | **ചെലവഴിച്ച തുക** |
|---|---|---|
| 2022-2023 | 178 | 48,95,000 |
| 2023-2024 | 233 | 1,71,82,000 |
| 2024-2025 | 228 | 1,39,09,500 |
| 2025-2026 | 165 | 27,22,500 |

| ആകെ തുക | | 3,87,09,000 |
|---|---|---|

വാടക അനുവദിക്കുന്ന ഗുണഭോക്താക്കളുടെ പുനരധിവാസ നടപടികൾ പൂർത്തിയായി കഴിഞ്ഞു. മുട്ടത്തറ പ്രത്യാശ ഫ്ലാറ്റ് സമുച്ചയത്തിൽ ഏറ്റവും അധികം മുൻഗണന നൽകി ഫ്ലാറ്റുകൾ അനുവദിച്ചിട്ടുള്ളത് വാടക വീട്ടിൽ താമസിച്ചവർക്കാണ്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കാലാവസ്ഥാ വ്യതിയാനം മൂലം വീടുകൾ നഷ്ടപ്പെട്ട് മാറി താമസിക്കേണ്ടി വന്ന കുടുംബങ്ങൾക്ക് അവരുടെ പുനരധിവാസം പൂർത്തിയാകുന്നതു വരെ മാത്രം വാടക അനുവദിച്ച് നൽകിയാൽ മതിയാകുന്നതാണ്. നിലവിൽ എല്ലാവർക്കും പുനരധിവാസത്തിന് ഈ സർക്കാർ സാഹചര്യമൊരുക്കിയിട്ടുണ്ട്.

**<u>നബാർഡ്</u>**

ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 192.87 കോടി രൂപയുടെ അനുമതി നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നബാർഡ് RIDF XXVII (55.54 കോടി)**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം) - പൂർത്തീകരിച്ചു.

2. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1343 ലക്ഷം) - പുരോഗമിക്കുന്നു.

3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം) - പൂർത്തീകരിച്ചു.

4. വലിയഴീക്കൽ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ അടിസ്ഥാന വികസനം ( 2668 ലക്ഷം) - പുരോഗമിക്കുന്നു.

**NABARD RIDF XXVIII (50.94 കോടി രൂപ)**

1.കൊല്ലം ജില്ലയിലെ ആലപ്പാട് അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണം (2557.52 ലക്ഷം രൂപ) - പുരോഗമിക്കുന്നു.

2. കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണം (2536.85 ലക്ഷം രൂപ) -- പുരോഗമിക്കുന്നു.

**NABARD RIDF XXIX (28.09 കോടി രൂപ )**

1. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിന്റെ റിപ്ലെനിഷ്മെന്റ് പ്രവൃത്തി (1694.14 ലക്ഷം) -- പുരോഗമിക്കുന്നു.

2. കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാൽ പേട്ട ഫിഷ് ലാൻഡിംഗ് സെന്ററിന്റെ വികസനം ( 115 ലക്ഷം) -- പുരോഗമിക്കുന്നു.

**NABARD RIDF XXX (58.30 കോടി രൂപ)**

1.തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കും (3030 ലക്ഷം രൂപ) -

ദർഘാസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. കൊല്ലം ജില്ലയിലെ തങ്കശ്ശേരി ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി (2800 ലക്ഷം രൂപ) – പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**PMMSY**

ഫിഷിംഗ് ഹാർബറുകളുടെ വിപുലീകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയിൽ ഉൾപ്പെടുത്തി 29/03/2023-ന് 10 പ്രവൃത്തികൾക്ക് 161.11 കോടി രൂപയും 22/11/2024-ന് ഒരു പ്രവൃത്തിക്ക് 177.00 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം (70.53 കോടി രൂപ) - പൂർത്തീകരണ ഘട്ടത്തിലാണ്.

2. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം (18.73 കോടി രൂപ) - പൂർത്തീകരണ ഘട്ടത്തിലാണ്.

3. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം (16.06 കോടി രൂപ) - പൂർത്തീകരണ ഘട്ടത്തിലാണ്.

4. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം (20.90 കോടി രൂപ) - പൂർത്തീകരണ ഘട്ടത്തിലാണ്.

5. ആലപ്പുഴ ജില്ലയിലെ കായംകുളം ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി (5.53 കോടി രൂപ) - പ്രവൃത്തി പുരോഗമിക്കുന്നു.

6. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി (5.53 കോടി രൂപ) - പ്രവൃത്തി പുരോഗമിക്കുന്നു.

7, മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി (6.37 കോടി രൂപ) - പൂർത്തീകരണ ഘട്ടത്തിലാണ്.

8. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി (5.94 കോടി രൂപ) - പ്രവൃത്തി പുരോഗമിക്കുന്നു.

9. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി (5.64 കോടി രൂപ) - പ്രവൃത്തി പൂർത്തീകരിച്ചു.

10. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി (5.88 കോടി രൂപ) - പൂർത്തീകരിച്ചു.

11. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണത്തിന് (177 കോടി രൂപ) -- പ്രവൃത്തി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

**FIDF**

ആലപ്പുഴ ജില്ലയിലെ ആർത്തുങ്കൽ ഫിഷിംഗ് ഹാർബറിലെ ശേഷിക്കുന്ന പ്രവൃത്തികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ Fisheries & Aquaculture Infrastructure Development Fund -ൽ ഉൾപ്പെടുത്തി 28/03/2023-ന് 150.73 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

**തീരദേശ റോഡുകളുടെ പുനരുദ്ധാരണം (2021-26)**

സംസ്ഥാനത്ത് 2021-26 കാലയളവിൽ 805 റോഡുകൾക്ക് (ഏകദേശം 559 കിലോമീറ്റർ) 45973.81 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 512 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 159 റോഡുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയും ചെയ്യുന്നു. ശേഷിക്കുന്ന പ്രവൃത്തികൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതി വഴി തീരദേശ മേഖലയിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുകയും പ്രദേശവാസികളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിന് പിന്തുണ നൽകുകയും ചെയ്യുന്നതാണ് ലക്ഷ്യം.

**സ്റ്റേറ്റ് പ്ലാൻ**

സംസ്ഥാന പദ്ധതികളായ Capital Repairs & Maintenance Dredging, Major Additions to Coastal Infrastructure എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് 8602.29 ലക്ഷം രൂപയുടെ 178 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 140 പ്രവൃത്തികൾ പൂർത്തീകരിച്ചു. 38 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു.

**സാഗർമാല പദ്ധതി**

മത്സ്യബന്ധന തുറമുഖങ്ങളുടെ അധിക ബർത്തിംഗിനും കരഭാഗത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങൾക്ക് 115.20 കോടി രൂപയുടെ ഇൻ-പ്രിൻസിപ്പൽ സാങ്ക്ഷൻ 28/12/2023, 12/03/2024, 15/03/2024 തീയതികളിലായി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പൊന്നാനി ഫിഷിംഗ് ഹാർബറിൽ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ അപര്യാപ്തത ഉള്ളതിനാൽ പദ്ധതി ഒഴിവാക്കി പകരം മഞ്ചേശ്വരത്ത് ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിക്കുന്നതിന് DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊയിലാണ്ടി ഫിഷിംഗ് ഹാർബർ (13.27 കോടി) -- സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. ചേറ്റുവ ഫിഷിംഗ് ഹാർബർ (8.83 കോടി) - സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. മുനയ്ക്കകടവ് ഫിഷിംഗ് ഹാർബർ (8.00 കോടി) -- സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. ചെല്ലാനം ഫിഷിംഗ് ഹാർബർ (12.63 കോടി) - പൈലറ്റ് പ്രോജക്ക്റ്റ് എന്ന നിലയ്ക്ക് ദർഘാസ് നടപടികൾ സ്വീകരിച്ച് ഇൻ-പ്രിൻസിപ്പൽ

സാങ്ക്ഷൻ പ്രകാരം ഓറിജിനൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകിയതനുസരിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

5. വെള്ളയിൽ ഫിഷിംഗ് ഹാർബർ (29.96 കോടി) -- സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. താനൂർ ഫിഷിംഗ് ഹാർബർ (9.39 കോടി) - സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ചെല്ലാനം ഫിഷിംഗ് ഹാർബറിന് ഭരണാനുമതി ലഭിച്ചതു പ്രകാരം മേൽ പ്രവൃത്തികൾക്ക് ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മറ്റ് പ്രധാന പദ്ധതികൾ**

പ്രതിഭാതീരം പദ്ധതി

ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി

ചൂണ്ടയും നൂലും പദ്ധതി

തൊഴിൽതീരം

ഉൾനാടൻ ജല ആവാസ വ്യവസ്ഥയിലെ സംയോജിത മത്സ്യ പരിപാലന പദ്ധതി

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന

എംബാങ്കുമെന്റ് മത്സ്യകൃഷി

പെൻകൾച്ചർ

മത്സ്യത്തൊഴിലാളികൾക്ക് യന്ത്രവൽകൃത ബോട്ടുകളിലെ ഉപയോഗത്തിന് ശുദ്ധജല ടാങ്ക് വിതരണം ചെയ്യുന്ന പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് സീ സേഫ്റ്റി കിറ്റ് വിതരണം

മോട്ടോര്സൈക്കിൾ വിത്ത് ഐസ് ബോക്സ്

സൈക്കിൾ വിത്ത് ഐസ് ബോക്സ്

എഫ്.ആർ.പി ബോട്ട് ഫിഷിംഗ് യൂണിറ്റ്

കേരള റിസർ വോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട്

അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതി

സംയോജിത മാതൃക / ആധുനിക മത്സ്യഗ്രാമം പദ്ധതി

Establishment of Seafood Cafeteria

മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

MIDS Mesh Codend വിതരണം

VHFമറൈൻ റേഡിയോ വിതരണം

| | | | |
|---|---|---|---|
| | | | Sea Safety Kitവിതരണം<br>അതിതീവ്രമഴ - ധനസഹായം<br>ടൗട്ടെ ചുഴലിക്കാറ്റ് - ധനസഹായം (2021)<br>എൽസ കപ്പലപകടം ധനസഹായം<br>ഇൻസുലേറ്റഡ് ഫിഷ് ബോക്സ് വിതരണം<br>തടി ഹൾ സ്റ്റീൽ ഹൾ ആക്കുന്ന പദ്ധതി<br>തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം<br>ആഴക്കടൽ ലോങ്ങ് ലൈൻ പദ്ധതി (2023)<br>സൗജന്യ റേഷൻ |
| (ബി) | 2021 മുതൽ നാളിതുവരെ ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാണോ; അറിയിക്കുമോ; | (ബി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (HED), KSCADC, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) എന്നീ ഏജൻസികൾ വഴി 2021 മുതൽ ഇതുവരെ ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാനത്ത് ചെലവഴിച്ച തുക സംബന്ധിച്ചും ജില്ല തിരിച്ചുള്ള കണക്കുകളും അനുബന്ധ വിശദാംശങ്ങളും **അനുബന്ധമായി** ആയി ചേർക്കുന്നു. |
| (സി) | ഇൻലാൻഡ് ഫിഷറീസ് മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ മൂലം മത്സ്യോൽപ്പാദനത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ? | (സി) | ശാസ്ത്രീയ മത്സ്യകൃഷി സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുകയും മത്സ്യകൃഷി രീതികളിലും ഇനങ്ങളിലുമുള്ള വൈവിധ്യവത്കരണം നടപ്പിലാക്കുകയും ചെയ്തതിന്റെ ഫലമായി ഉൾനാടൻ മേഖലയിലെ മത്സ്യ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തിന്റെ വർധനവും സംരക്ഷണവും ഉറപ്പാക്കുന്നതിനായി കേരള ഇൻലാൻഡ് ആൻഡ് അക്വാകൾച്ചർ ആക്ട് കർശനമായി നടപ്പിലാക്കിയതിലൂടെ അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം ഫലപ്രദമായി നിയന്ത്രിക്കാൻ സാധിച്ചു. ഇതുവഴി മത്സ്യസമ്പത്തിന്റെ അശാസ്ത്രീയ ചൂഷണം ഒഴിവാക്കി സുസ്ഥിര വർധനവിന് വഴിയൊരുക്കിയിട്ടുണ്ട്. മത്സ്യസമ്പത്തിന്റെ പരിപാലനത്തിനും സുസ്ഥിര മത്സ്യബന്ധനത്തിനുമുള്ള പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനായി വിവിധ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. ഇത്തരത്തിലുള്ള ഏകോപിത ഇടപെടലുകളുടെ ഫലമായി 2021–22 വർഷം 2.2 ലക്ഷം മെട്രിക് ടണ്ണായിരുന്ന ഉൾനാടൻ മത്സ്യോത്പാദനം 2024–25 വർഷം 2.8 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നിട്ടുണ്ട്. ഇതിൽ മത്സ്യകൃഷിയിലൂടെയുള്ള ഉൽപാദനം 2021–22 ലെ 37,520 മെട്രിക് ടണ്ണിൽ നിന്ന് 2024-25ൽ 41,175 മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുമുണ്ട്.<br><br>**ഇൻലാൻഡ് ഫിഷ് പ്രൊഡക്ഷൻ**<br><br><table><tr><th>വർഷം</th><th>ക്യാപ്ച്ചർ</th><th>കൾച്ചർ (M.T.)</th></tr><tr><td>2021-22</td><td>2177</td><td>1739</td></tr><tr><td>2022-23</td><td>1692</td><td>1044</td></tr><tr><td>2023-24</td><td>2034</td><td>1340</td></tr></table> |

| | | | |
|---|---|---|---|
| | | | <table><tr><td>2024-25</td><td>12196.536</td><td>2265.5748</td></tr><tr><td>**ആകെ**</td><td>**18369.54**</td><td>**6388.575**</td></tr></table><br><br>മലപ്പുറം ജില്ലയിൽ (പൊന്നാനി), 2021–22 മുതൽ 2024–25 വരെ മത്സ്യകൃഷി അനുബന്ധ പദ്ധതികൾ പ്രകാരം 6,704 മെട്രിക് ടൺ ഉൾനാടൻ മത്സ്യങ്ങൾ ഉൽപാദിപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ, ഇൻലാൻഡ് ഫിഷറീസ് മേഖലയിലെ വിവിധ പദ്ധതികൾ പ്രകാരം മത്സ്യോൽപാദനം വർഷാനുസൃതമായി രേഖപ്പെടുത്തിയിട്ടുണ്ട്. 2021–22 വർഷം 13,678 മെട്രിക് ടണ്ണായിരുന്ന ഉൽപാദനം 2022–23ൽ 19,929 മെട്രിക് ടണ്ണായി ഉയർന്നു. തുടർന്ന് 2023–24ൽ 12,864 മെട്രിക് ടണ്ണായും 2024–25ൽ 8,703 മെട്രിക് ടണ്ണായും രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിൽ, മത്സ്യോൽപാദനം 2020 വർഷം Culture വിഭാഗത്തിൽ 1,912 ടണ്ണും Capture വിഭാഗത്തിൽ 724 ടണ്ണുമായിരുന്നു. 2024 വർഷത്തോടെ Culture ഉൽപാദനം 3,466 ടണ്ണായും Capture ഉൽപാദനം 854 ടണ്ണായും വർദ്ധിച്ചിട്ടുണ്ട്. ഇതനുസരിച്ച് മത്സ്യോൽപാദനത്തിൽ ശ്രദ്ധേയമായ വർദ്ധനവ്, ഏകദേശം ഇരട്ടിയോളം, രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ, ഫിഷറീസ് വകുപ്പ് ഇൻലാൻഡ് ഫിഷറീസ് മേഖലയിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികളുടെ ഫലമായി മത്സ്യോൽപാദനത്തിൽ ഉണ്ടായ പുരോഗതി രേഖപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ പ്രകാരം മാത്രം 2021–22 വർഷം 2,064 മെട്രിക് ടൺ, 2022–23 വർഷം 1,996 മെട്രിക് ടൺ, 2023–24 വർഷം 2,103 മെട്രിക് ടൺ, 2024–25 വർഷം 1,743 മെട്രിക് ടൺ എന്നിങ്ങനെ ഉൽപാദനം ഉണ്ടായിട്ടുണ്ട്. 2025–26 വർഷം ഇതുവരെ കൃഷിയിലൂടെയുമാത്രം ഉൾനാടൻ മേഖലയിൽ 991 മെട്രിക് ടൺ മത്സ്യോൽപാദനം രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

2021 മുതൽ നാളിതുവരെ ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| **ജില്ല** | **ചിലവഴിച്ച തുക (ലക്ഷത്തിൽ)** |
|---|---|
| തിരുവനന്തപുരം | 5842.21955 |
| കൊല്ലം | 15363.00 |
| ആലപ്പുഴ | 20449.51162 |
| എറണാകുളം | 2974.73063 |
| മലപ്പുറം | 8217.20381 |
| കോഴിക്കോട് | 9289.13592 |
| കണ്ണൂർ | 9956.61664 |
| കാസർഗോഡ് | 5605.68 |
| ആകെ | 7698.1 |

2021 മുതൽ നാളിതുവരെ ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം ജില്ല**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **കിഫ്ബി - മത്സ്യമാർക്കറ്റ് പുനരുദ്ധാരണം** | | |
| 1 | പുത്തൻചന്ത | 214.58 | 179.85 |
| 2 | പഴയകുന്നുമേൽ | 358.10 | 55.22 |
| 3 | നിലക്കാമുക്ക് | 166.76 | 16.39 |
| 4 | വക്കം | 195.79 | 26.38 |
| 5 | പൂന്തുറ | 237.92 | 108.65 |
| 5 | പനച്ചമൂട് | 535.77 | 252.74 |
| | **2023-24 സാമ്പത്തിക വർഷം** | | |
| 1 | എജെ കോംപ്ലക്സ്, പുതുക്കുറിച്ചി പുനരുദ്ധാരണം | 80 | 75.78 |
| 2 | നെയ്യാർ ഫിഷ് സീഡ് ഫാം - ഫെൻസിംഗ്, പ്ലംബിംഗ് | 25.18 | 20.14 |
| 3 | കടകംപള്ളി ഫ്ലാറ്റ് നിർമ്മാണം | 3762 | 170.42 |
| 4 | നെയ്യാർ ഗിഫ്റ്റ് ഹാച്ചറി - ഓർണമെന്റൽ ഹബ്ബ് നിർമ്മാണം | 154 | 142.23 |
| 5 | വലിയതുറ ഫ്ലാറ്റ് നിർമ്മാണം | 574 | 14.61 |

| | | | |
|---|---|---|---|
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, പള്ളം | 201.52 | 17.900 |
| | **ആകെ** | | **1080.31** |

**കൊല്ലം ജില്ല**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **കിഫ്ബി - മത്സ്യമാർക്കറ്റ് പുനരുദ്ധാരണം** | | |
| 1 | തങ്കശ്ശേരി | 320.729 | 51.28 |

| | | | |
|---|---|---|---|
| 2 | പള്ളിമുക്ക് | 320.527 | 33.10 |
| 3 | മൂന്നാംകുറ്റി | 202.054 | 40.64 |
| 4 | സൗത്ത് പരവൂർ | 235.182 | 29.32 |
| 5 | കൊട്ടിയം | 226.22 | 64.26 |
| 6 | ചാത്തന്നൂർ | 528.06 | 211.31 |
| 7 | കടയ്ക്കൽ | 374.43 | 135.57 |
| 8 | കിഴക്കേകല്ലട | 214.42 | 104.80 |
| 9 | കാവനാട് | 245.08 | 33.71 |
| 10 | അഞ്ചൽ | 472.31 | 33.63 |
| 11 | പുത്തൂർ | 284.26 | 235.59 |
| 12 | കൊട്ടാരക്കര | 506.67 | 71.57 |
| | **2022-23 സാമ്പത്തിക വർഷം** | | |
| | **നബാർഡ് പദ്ധതികൾ** | | |
| 1 | ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, നെടുമൺക്കാവ് | 502.00 | 424.74 |
| | **2023-24 സാമ്പത്തിക വർഷം** | | |
| 1 | പൂക്കുളം സുനാമി കോളനി പുനരുദ്ധാരണം - ഫേസ് 1 | 160 | 156.30 |
| 2 | നൈൽ തിലാപ്പിയ ഹാച്ചറി, വെസ്റ്റ് കല്ലട, കൊല്ലം | 1221 | 164.09 |
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | മത്സ്യമാർക്കറ്റ്, ഓഫീസ് കൺസോഷ്യം ഏഴുകോൺ | 300 | 0.66 |
| 2 | കലയപുരം മത്സ്യമാർക്കറ്റ് | 150 | 0.63 |
| 3 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ഇരവിപുരം | 202.45 | 96.95 |
| | **2025-26 സാമ്പത്തിക വർഷം** | | |
| 1 | ജി ആർ എഫ് ടി എച്ച് എസ് കരുനാഗപ്പള്ളി, ഹോസ്റ്റൽ പുനരുദ്ധാരണം | 75 | 37.09 |
| | **ആകെ** | | **1925.24** |

**<u>പത്തനംതിട്ട ജില്ല</u>**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **കിഫ്ബി പദ്ധതികൾ** | | |
| | **മത്സ്യമാർക്കറ്റ് പുനരുദ്ധാരണം** | | |
| 1 | അടൂർ | 200.53 | 165.21 |
| 2 | കൂടൽ | 178.29 | 0.45 |
| | **2023-24 സാമ്പത്തിക വർഷം** | | |

| | | | |
|---|---|---|---|
| 1 | പന്നിവേലിച്ചിറ ഫിഷ് ഫാം – ആർസിസി ടാങ്ക് നിർമ്മാണം | 100 | 77.64 |
| | **ആകെ** | | 243.3 |

**ആലപ്പുഴ ജില്ല**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **നബാർഡ് പദ്ധതികൾ** | | |
| 1 | ഫിഷ് ലാന്റിംഗ് സെന്റർ, പ്രായിക്കര, ആലപ്പുഴ | 133.62 | 130.12 |
| | **കിഫ്ബി - മത്സ്യമാർക്കറ്റ് പുനരുദ്ധാരണം** | | |
| 1 | മാങ്കാംകുഴി | 176.13 | 33.25 |
| | **2022-23 സാമ്പത്തിക വർഷം** | | |
| 1 | മണ്ണുംപുറം ഫ്ലാറ്റ് സമുച്ചയം – ചുറ്റമതിൽ നിർമ്മാണം | 56 | 38.24 |
| | **2023-24 സാമ്പത്തിക വർഷം** | | |
| 1 | മണ്ണുംപുറം ഫ്ലാറ്റ് സമുച്ചയം – ഓവർ ഹെഡ് ടാങ്ക്, വാട്ടർ സപ്ലൈ | 347 | 84.56 |
| 2 | പടനിലം പബ്ലിക് മാർക്കറ്റ്, നൂറനാട് | 150 | 60.07 |
| 3 | മണ്ണുംപുറം ഭൂമി വികസനം | 100 | 90.07 |
| | **നബാർഡ് പദ്ധതികൾ** | | |
| | അക്വാ പ്രോജക്ട് കുതിരവട്ടംചിറ | 1511 | 313.08 |
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമപദ്ധതി, ആറാട്ടുപുഴ | 649.50 | 180.65 |
| 2 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, അഴിക്കൽ | 200.61 | 12.85 |
| 3 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, തോട്ടപ്പള്ളി | 200.89 | 11.93 |
| | **കിഫ്ബി പദ്ധതികൾ** | | |
| | കിഫ്ബി – ചെത്തി ഹാർബർ നിർമ്മാണം | 18232.71 | 9061.86 |
| | **ആകെ** | | **10016.68** |

**എറണാകുളം ജില്ല**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|

| | | (ലക്ഷം) | |
|---|---|---|---|
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | ആലുവ മത്സ്യമാർക്കറ്റ് | 4823.99 | 676.19 |
| 2 | സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമ പദ്ധതി, ചെല്ലാനം | 569.97 | 291.51 |
| 3 | സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമ പദ്ധതി, നായരമ്പലം | 710.24 | 110.43 |
| 4 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ഇടവനക്കാട് | 200.04 | 42.71 |
| 5 | ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ഞാറക്കൽ | 200.27 | 75.41 |
| | **ആകെ** | | **1196.25** |

**തൃശ്ശൂർ ജില്ല**

| **ക്രമ നമ്പർ** | **പദ്ധതി** | **അടങ്കൽ തുക (ലക്ഷം)** | **ചെലവഴിച്ച തുക (ലക്ഷം)** |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **കിഫ്ബി - മത്സ്യമാർക്കറ്റ് പുനരുദ്ധാരണം** | | |
| 1 | ചാലക്കുടി | 350.02 | 101.99 |
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമ പദ്ധതി, ഇടക്കഴിയൂർ | 691.56 | 113.53 |
| | **ആകെ** | | **215.52** |

**പാലക്കാട് ജില്ല**

| **ക്രമ നമ്പർ** | **പദ്ധതി** | **അടങ്കൽ തുക (ലക്ഷം)** | **ചെലവഴിച്ച തുക (ലക്ഷം)** |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | മലമ്പുഴ നൈൽ തിലാപ്പിയ ഹാച്ചറി നിർമ്മാണം | 270.00 | 199.14 |
| | **ആകെ** | | **199.14** |

-

**മലപ്പുറം ജില്ല**

| **ക്രമ** | **പദ്ധതി** | **അടങ്കൽ** | **ചെലവഴിച്ച** |
|---|---|---|---|

| നമ്പർ | | തുക (ലക്ഷം) | തുക (ലക്ഷം) |
|---|---|---|---|
| | **2022-23 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താനൂർ - ഡയാലിസിസ് സെന്റർ നിർമ്മാണം | 232.12 | 46.64 |
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമ പദ്ധതി, താനൂർ | 717.47 | 120.51 |
| 2 | സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമ പദ്ധതി, പൊന്നാനി | 724.10 | 244.66 |
| | **കിഫ്ബി പദ്ധതി** | | |
| 1 | പരപ്പനങ്ങാടി ഹാർബർ നിർമ്മാണം | 11221.8 | 8659.96 |
| | **ആകെ** | | **9071.77** |

## കോഴിക്കോട് ജില്ല

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ഫാമിലി ഹെൽത്ത് സെന്റർ, പുതിയാപ്പ | 138.60 | 126.63 |
| 2 | മത്സ്യഭവൻ വടകര | 100 | 0.43 |
| 3 | നെറ്റ് മെന്റിംഗ് ഹാൾ ലോക്ക് റൂം നിർമ്മാണം പൂഴിത്തല വടകര | 150 | 5.90 |
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമപദ്ധതി, ചാലിയം | 732.95 | 269.898 |
| 1 | കോഴിക്കോട് മത്സ്യമാർക്കറ്റ് | 5517 | 99.978 |
| | **ആകെ** | | **502.836** |

-

## കണ്ണൂർ ജില്ല

-

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | കിച്ചൺ, ഡൈനിംഗ് ഹാൾ നിർമ്മാണം, ജി.എച്ച്.എസ്സ്. എസ്സ്, മുഴിപ്പിലങ്ങാട് | 37.30 | 30.42 |
| 2 | സ്പോർട്സ് ഗ്രൗണ്ട് വികസനം, ജി എച്ച് എസ്സ് എസ്സ്, പാലയോട്, ധർമ്മടം | 170.10 | 140.56 |

| | | | |
|---|---|---|---|
| 3 | അംഗൻവാടി, മേലൂർ, ധർമ്മടം | 34.91 | 13.14 |
| | **2022-23 സാമ്പത്തിക വർഷം** | | |
| 1 | പി എച്ച് സി ധർമ്മടം പുതിയ കെട്ടിടം | 424 | 79.17 |
| 2 | പി എച്ച് സി മുഴപ്പിലങ്ങാട് പുതിയ കെട്ടിടം | 313 | 124.26 |
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമപദ്ധതി, ചാലിൽ ഗോപാലപേട്ട | 636.50 | 167.51 |
| | **ആകെ** | | **555.06** |

## കാസർഗോഡ് ജില്ല

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| | **2021-22 സാമ്പത്തിക വർഷം** | | |
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ജി ആർ. എഫ് ടി എച്ച് എസ്സ്, കാഞ്ഞങ്ങാട് ഹോസ്റ്റൽ റീവയറിഗ് | 4.38 | 4.37 |
| 2 | ജി. എഫ് എൽ പി എസ്, അരിക്കാടി, കുമ്പള പുനരുദ്ധാരണം | 33.17 | 28.89 |
| | **2024-25 സാമ്പത്തിക വർഷം** | | |
| 1 | സംയോജിത ആധുനിക തീരദേശ മത്സ്യ ഗ്രാമപദ്ധതി, ഷിറിയ | 704.32 | 174.73 |
| | **ആകെ** | | **207.99** |

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2019-20 സാമ്പത്തിക വർഷത്തിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഈ സർക്കാരിന്റെ കാലയളവിലും ജില്ലാ ഓഫീസുകൾ വഴി നടപ്പിലാക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തികൊണ്ട് ജില്ല തിരിച്ചുള്ള വിവരങ്ങൾ തുടർന്ന് ചേർക്കുന്നു.

2021 മുതൽ തിരുവനന്തപുരം ജില്ലയിൽ പുനർഗേഹം പദ്ധതി വഴി 715128146 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിൽ Deep Sea Fishing Vessel വിതരണം പദ്ധതിക്കായി ₹12,00,000 രൂപയും, Deep Sea Fishing Bait & Thred Project പദ്ധതിക്കായി ₹17,96,185 രൂപയും, Water Tank പദ്ധതിക്കായി ₹1,85,250 രൂപയും, Wooden Hull to Steel Hull പദ്ധതിക്കായി ₹1,20,00,000 രൂപയും, FRP Boat Conversion പദ്ധതിക്കായി ₹14,00,000 രൂപയും, PMMSY Climate Resilient പദ്ധതിക്കായി ₹2,00,00,000 രൂപയും, പുനർഗേഹം പദ്ധതിക്കായി ₹31,69,49,651 രൂപയും, ഭവന നവീകരണം പദ്ധതിക്കായി ₹25,00,000 രൂപയും, BIF-HDF (2016-17 @ ₹6 ലക്ഷം) പദ്ധതിക്കായി ₹26,10,418 രൂപയും, BIF-HDF (2016-17 @ ₹4 ലക്ഷം) പദ്ധതിക്കായി ₹4,50,000 രൂപയും ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഇങ്ങനെ മൊത്തം ₹36,98,91,504 രൂപ

ചെലവഴിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ പുനർഗേഹം പദ്ധതി പ്രകാരം നാളിതുവരെ 73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനർനിർമാണത്തിനായി 37,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ , ഭവന അറ്റകുറ്റപ്പണിക്കായി നാളിതുവരെ 84 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ, 2021 മുതൽ നാളിതുവരെ ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 2022–23 വർഷത്തിൽ 3 ലൈവ് ഫിഷ് വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിലേക്കായി കേന്ദ്രവും സംസ്ഥാനവും യഥാക്രമം ₹12,56,206 രൂപയും ₹8,37,471 രൂപയും വീതം ആകെ ₹20,93,678 രൂപ ചെലവഴിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ, കടൽത്തീരത്തിൽ നിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയിൽ 98 ഗുണഭോക്താക്കൾക്കായി ₹9,43,68,100/- (ഒൻപത് കോടി നാൽപ്പത്തി മൂന്ന ലക്ഷത്തി അറുപത്തിയെട്ടായിരത്തി ഒരുന്നൂറ് രൂപ) ചെലവഴിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം നാളിതുവരെ 71 ഗുണഭോക്താക്കൾക്കായി ₹35,50,000/- (മുപ്പത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ, ഈ സർക്കാരിന്റെ കാലയളവിൽ പുനർഗേഹം പദ്ധതി പ്രകാരം 373 മത്സ്യത്തൊഴിലാളികളുടെ ഭവന നിർമാണത്തിന് ₹23,60,51,623/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ BIF-HDF ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ 100 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ നിലവിൽ 79 ഗുണഭോക്താക്കൾക്ക് ₹50,000/- രൂപ വീതം ആദ്യ ഗഡുവായി ആകെ ₹39,50,000/- അനുവദിച്ചു നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ, മലമ്പുഴ അക്വാറിയം നവീകരണ പ്രവർത്തനങ്ങൾക്കായി ₹90 ലക്ഷം രൂപയും, ആലത്തൂർ മത്സ്യഭവൻ കെട്ടിട നിർമ്മാണത്തിന് ₹20.75 ലക്ഷം രൂപയും, മലമ്പുഴ ദേശീയ മത്സ്യവിത്തുൽപാദന കേന്ദ്രം നവീകരണത്തിന് ₹28.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ (പൊന്നാനി), ഫിഷറീസ് വകുപ്പ് മുഖേന BIF & HDF പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ₹60,81,050/- ചെലവഴിച്ചിട്ടുണ്ട്. കടൽത്തീരത്തിൽ നിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിക്ക് ₹30,69,21,268/- ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവ് ₹31,30,02,318/- രൂപ.

കോഴിക്കോട് ജില്ലയിൽ, 2021 മുതൽ നാളിതുവരെ ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

| (A) വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ | | |
|---|---|---|
| **ക്രമ.നം** | **പദ്ധതി** | **ചെലവഴിച്ച തുക** |
| 1 | GRFTHS | ₹162.01 ലക്ഷം |

| | | |
|---|---|---|
| 2 | പുനർഗേഹം ഭവന നിർമ്മാണം | ₹1113.42 ലക്ഷം |
| 3 | BIF-HDF ഭവന പുനരുദ്ധാരണ പദ്ധതി | ₹50.00 ലക്ഷം |
| 4 | കോളനി പുനർനിർമ്മാണം | ₹35.50 ലക്ഷം |

**(B) വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ക്രമ. നം | പദ്ധതി | ഏജൻസി | അനുവദിച്ച തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | വടകര മത്സ്യഭവൻ നിർമ്മാണം | KSCADC | ₹1 കോടി | പുരോഗമിക്കുന്നു |
| 2 | വെള്ളയിൽ മത്സ്യഭവൻ നിർമ്മാണം | PWD | ₹2 കോടി | പുരോഗമിക്കുന്നു |
| 3 | സെൻട്രൽ മാർക്കറ്റ്, കോഴിക്കോട് | KSCADC | ₹55.17 കോടി | പുരോഗമിക്കുന്നു |
| 4 | IMCFV ചാലിയം | KSCADC | ₹7.3295 കോടി | പുരോഗമിക്കുന്നു |
| 5 | നെറ്റ് മെൻഡിംഗ് ഷെഡ്, പൂഴിത്തല | KSCADC | ₹1.5 കോടി | പുരോഗമിക്കുന്നു |
| 6 | നെറ്റ് മെൻഡിംഗ് ഷെഡ്, മാറാട് | KSCADC | ₹9.00 കോടി | പുരോഗമിക്കുന്നു |
| 7 | പുനർഗേഹം ഫ്ലാറ്റ് നിർമ്മാണം, ചുങ്കം വെസ്റ്റ്ഹിൽ | KSCADC | ₹14.27 കോടി | പുരോഗമിക്കുന്നു |
| 8 | കല്ലാനോട് ഹാച്ചറി (NABARD RIDF) | NABARD | ₹19.81 കോടി | പുരോഗമിക്കുന്നു |
| 9 | മത്സ്യഫെഡ് ഐസ് പ്ലാന്റ് | NABARD | ₹65.00 കോടി | പുരോഗമിക്കുന്നു |
| 10 | ബേപ്പൂർ ഫിഷറീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം | HED | ₹186.46 ലക്ഷം | പൂർത്തീകരിച്ചു |

വയനാട് ജില്ലയിൽ, മത്സ്യക്കുഞ്ഞുങ്ങളുടെ വിതരണം മത്സ്യകർഷകരിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തളിപ്പുഴ മത്സ്യ വിത്തുൽപാദന കേന്ദ്രവും കാരാപ്പുഴ മത്സ്യ വിത്തുൽപാദന കേന്ദ്രവും എന്നിവയുടെ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1 | 2021-22 | 2581146 |
| 2 | 2022-23 | 2116109 |
| 3 | 2023-24 | 2007578 |

| | | |
|---|---|---|
| 4 | 2024-25 | 2832813 |
| 5 | 2025-26 | 2154001 |

മത്സ്യകൃഷി വ്യാപനവും മത്സ്യകൃഷി ഏവരിലേക്കും എത്തിക്കണമെന്ന ലക്ഷ്യത്തോടെ സർക്കാരിന്റെ വിവിധ മത്സ്യകൃഷി പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യകൃഷിയുടെ അടിസ്ഥാന വികസനത്തിനും വിപണനത്തിനുമായി താഴെപ്പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| **2021-22** | | |
|---|---|---|
| **ക്രമ നം.** | **പദ്ധതി** | **തുക (ലക്ഷത്തിൽ)** |
| | ജനകിയ മത്സ്യകൃഷി | 37 |
| | സുഭിക്ഷ കേരളം | 32.388 |
| | PMMSY | 20.93941 |
| 2022-23 | | |
| ജനകിയ മത്സ്യകൃഷി | | 158.74792 |
| PMMSY | | 17.61288 |
| 2023-24 | | |
| ജനകിയ മത്സ്യകൃഷി | | 198.7583 |
| PMMSY | | 51.99737 |
| 2024-25 | | |
| ജനകിയ മത്സ്യകൃഷി | | 145.99531 |
| PMMSY | | 123.14915 |
| 2025-26 | | |
| ജനകിയ മത്സ്യകൃഷി | | 99.32417 |
| PMMSY | | 37.66565 |